വി ഗണേശൻ
തിരുവനന്തപുരം

പേരൂർക്കട മസ്ജിദ് ലെയ്ൻ ദേവപാലൻ നഗർ വൃന്ദാവൻ വീട്ടിൽ വി ഗണേശൻ (84, റിട്ട. ചീഫ് എൻജിനീയർ, കെഐപി, കേരള വിശ്വകർമ സർവീസ് സൊസൈറ്റി സംസ്ഥാന ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു) അന്തരിച്ചു . ഭാര്യ: സുദർശനാദേവി. മക്കൾ: സന്തോഷ്കുമാർ (ആർക്കിടെക്ട്), ഇന്ദിര (ബിഎഎംഎസ്). മരുമക്കൾ: ജയലക്ഷ്മി (ആർക്കിടെക്ട്, ഐഎസ്ആർഒ), പരേതനായ ഡോ. കെ എൻ രാജീവ്.

സത്യകുമാർ
തിരുവല്ലം

എൻആർഎ74 സത്യവിലാസത്തിൽ സത്യകുമാർ (65) അന്തരിച്ചു. ഭാര്യ: ബേബി അമ്മ. മക്കൾ: സുബാഷ്, സുചിത്ര.

പി എ രാജൻ ആശാരി
കരമന

നെടുങ്കാട് ഇലങ്കം ലെയിനിൽ (ഇആർഎൻ25) പി എ രാജൻ ആശാരി (82, റിട്ട. പ്രൊഫ. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി) അന്തരിച്ചു. സംസ്കാരം ചൊവ്വ രാവിലെ 11ന് ശാന്തികവാടത്തിൽ. ഭാര്യ: വി കെ ഉമാദേവി (റിട്ട. എഐജി, രജിസ്ട്രേഷൻവകുപ്പ്). മക്കൾ: ഡോ. ആർ വി രഞ്ജിനി (മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാവകുപ്പ്), ഡോ. പി ആർ അനിൽകുമാർ (സയന്റിസ്റ്റ്, ശ്രീചിത്രാ മെഡിക്കൽ സെന്റർ). മരുമക്കൾ: കെ എൽ ഗോകുൽ പ്രസാദ് (ഡലിവറി മാനേജർ, എച്ച്പി), ഡോ. ഷൈനി വേലായുധൻ (സയന്റിസ്റ്റ്, ശ്രീചിത്രാ മെഡിക്കൽ സെന്റർ).

കെ രാജേന്ദ്രൻ
തിരുവനന്തപുരം

നിലമി ഏണിക്കര വലിയകട്ടക്കാലിൽ കെ രാജേന്ദ്രൻ (55) അന്തരിച്ചു. സംസ്കാരം ചൊവ്വ തൈക്കാട് ശാന്തികവാടത്തിൽ. മക്കൾ: ശരണ്യ, ശാരിക. മരുമക്കൾ: വി സന്തോഷ്, മുത്തുകുമാർ.

ഉത്തമൻ
ആര്യനാട്

തോളൂർ വിളയിൽവീട്ടിൽ ഉത്തമൻ (58) അന്തരിച്ചു. ഭാര്യ: ലീനകുമാരി. മക്കൾ: അർജുൻ മാധവ്, ആനന്ദ് മാധവ്. സഞ്ചയനം വെള്ളി എട്ടിന്.

ബി സുധാകരൻ നായർ
വെളിനല്ലൂർ

കരിങ്ങന്നൂർ ആത്രേയ സദനത്തിൽ ബി സുധാകരൻ നായർ (72, ശ്രീമംഗലത്തു വീട്, കിഴക്കനേല, മടവൂർ) അന്തരിച്ചു. ഭാര്യ: ലീല. മക്കൾ: സനൽ എസ് നായർ, സരിത എസ് നായർ. മരുമക്കൾ: ആർ രതീഷ്, വി എസ് വിജിത. സഞ്ചയനം വ്യാഴം എട്ടിന്.



രാജൻ നായർ
ചിറയിൻകീഴ്

ആറ്റിങ്ങൽ കൊടുമൺ തുണ്ടുവിള പുത്തൻ വീട്ടിൽ രാജൻ നായർ(65) അന്തരിച്ചു. ഭാര്യ: ശ്രീജ.

പി രത്നമ്മ
പട്ടം

കെകെ ഹൗസിൽ പി രത്നമ്മ (88) അന്തരിച്ചു. ഭർത്താവ്: പരേതനായ എൻ കൃഷ്ണൻകുട്ടി. മക്കൾ: ശിശുപാലൻ, ജയപാലൻ, ജയകുമാരി, രമാദേവി. മരുമക്കൾ: എം കെ ബീന, മഹിത, ഉല്ലാസ് ഭാസ്കർ, രമേശൻ.

കെ സോമൻപിള്ള
കല്ലമ്പലം

ചേന്നൻകോട് അമ്മവീട്ടിൽ കെ സോമൻപിള്ള (86) അന്തരിച്ചു. സംസ്കാരം ചൊവ്വ രാവിലെ 10ന് വീട്ടുവളപ്പിൽ. ഭാര്യ: പരേതയായ ശാന്തമ്മ. മക്കൾ: വീണ, വിനോദ്. മരുമക്കൾ: ശ്രീകുമാർ (കണ്ണൻ), സുനിത.

കേശവൻ നായർ
തക്കല

ഗാന്ധിനഗർ ശ്രീനന്ദനത്തിൽ കേശവൻ നായർ (രാജൻ, 71) അന്തരിച്ചു. അച്ഛൻ: പരേതനായ ബാലകൃഷ്ണപിള്ള. അമ്മ: പരേതയായ സുലോചനയമ്മ. സഞ്ചയനം ഞായർ രാവിലെ ഒമ്പതിന്.

ആർ രാജശേഖരൻ നായർ
കവടിയാർ

കവടിയാർ ഗാർഡൻസ് ടിസി 5/2242 ഗൗരീഭവനിൽ ആർ രാജശേഖരൻ നായർ (64) അന്തരിച്ചു. സംസ്കാരം പകൽ 12.30ന് തൈക്കാട് ശാന്തികവാടത്തിൽ. ഭാര്യ: എസ് ശാന്തകുമാരി. മക്കൾ: രാജീവ് ആർ നായർ, രാജേഷ് ആർ നായർ. മരുമകൾ: ബിസ്മി. സഞ്ചയനം ഞായർ 8.30ന്.

ജി സുനിൽകുമാർ
വെഞ്ഞാറമൂട്

മാരിയം ഊളൻവിള വീട്ടിൽ ജി സുനിൽകുമാർ (54, സിപിഐ എം വെട്ടുവിള ബ്രാഞ്ച് സെക്രട്ടറി) അന്തരിച്ചു. ഭാര്യ: മായ. മക്കൾ: ജിത്ത് (സിപിഐ എം മണമ്പൂർ എൽസി അംഗം), ജിഷ്ണു. സഞ്ചയനം തിങ്കൾ ഒമ്പതിന്.

അബ്ദുൽ റഷീദ്
വിളപ്പിൽ

മരുതിനകത്ത് റോഡരികത്തുവീട്ടിൽ അബ്ദുൽ റഷീദ് (73) അന്തരിച്ചു. മക്കൾ: ഇർഷാദ്, സബിത. മരുമക്കൾ: സജ്ന, അനസ്.

അജ്ഞാത മൃതദേഹം
കൊച്ചി

ഇടപ്പള്ളി റെയിൽവേ സ്റ്റേഷനുസമീപം റെയിൽവേ ട്രാക്കിൽ അജ്ഞാത മൃതദേഹം കണ്ടെത്തി. വിലാസം തിരിച്ചറിയാത്തതും 50 വയസ്സുതോന്നിക്കുന്നതുമായ പുരുഷന്റെ മൃതദേഹമാണ് കണ്ടത്. എളമക്കര പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മൃതദേഹം എറണാകുളം ജനറൽ ആശുപത്രി മോർച്ചറിയിൽ. ഇയാളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാവുന്നവർ എളമക്കര പൊലീസ് സ്റ്റേഷനിൽ അറിയിക്കുക. ഫോൺ: 9497947285, 0484–2530700.

പ്രേംകുമാർ
കരകുളം

ഏണിക്കര ലളിതാലയത്തിൽ (ടിഎൻആർഎ146) പ്രേംകുമാർ (62) അന്തരിച്ചു. ഭാര്യ: സുനജ. മക്കൾ: പ്രേംശങ്കർ, പ്രേംജിത്. സഞ്ചയനം ചൊവ്വ 8.30ന്.

എ രാജേന്ദ്രൻ
വെള്ളറട

ചാമവിള ചെറുവള്ളി പുത്തൻവീട്ടിൽ എ രാജേന്ദ്രൻ (70, സിപിഐ എം ചാമവിള ബ്രാഞ്ച് അംഗം, ദേശാഭിമാനി ഏജന്റ്) അന്തരിച്ചു. ഭാര്യ: പത്മകുമാരി. മക്കൾ: ദിവ്യരാജ്, ദീപുരാജ്. മരുമക്കൾ: നവീൻ, പൗർണ്ണമി. സഞ്ചയനം വ്യാഴം ഒമ്പതിന്. ചാമവിള ജങ്ഷനിൽ ചേർന്ന അനുശോചനയോഗത്തിൽ സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റംഗം ആനാവൂർ നാഗപ്പൻ, ഡി കെ ശശി, പനച്ചമൂട് ഉദയൻ തുടങ്ങിയവർ പങ്കെടുത്തു.

വിമല
അവണാകുഴി

ചരുവിളവീട്ടിൽ വിമല (64) അന്തരിച്ചു. ഭർത്താവ്: സുധാകരൻ. മക്കൾ: വിജി, വിപിൻകുമാർ. മരുമക്കൾ: ഷാജി, അമ്പിളി. സഞ്ചയനം വ്യാഴം 10ന്.

ശുശീലാ ബായ്
വെള്ളറട

കുടയാൽ ആർഎസ് ഭവനിൽ സുശീല ബായ് (59) അന്തരിച്ചു. ഭർത്താവ്: രാജു. മക്കൾ: ലിപിൻ, ലിജിൻ, ലിജോ. പ്രാർഥന ബുധൻ വൈകിട്ട് നാലിന്.

വി സഹദേവൻ
കല്ലമ്പലം

മാവിൻമൂട് വി എസ് ലാൻഡിൽ വി സഹദേവൻ (68) അന്തരിച്ചു. ഭാര്യ: ശ്യാമളകുമാരി. മക്കൾ: സൗമ്യ, സന്ദീപ്. മരുമകൻ: ബിനു ശശിധരൻ. സഞ്ചയനം വെള്ളി 8.30ന്.

രാജമ്മ
ചിറയിൻകീഴ്

കീഴാറ്റിങ്ങൽ വിളയിൽമൂല തെക്കേവിള വീട്ടിൽ രാജമ്മ(87) അന്തരിച്ചു. ഭർത്താവ്: പരേതനായ അപ്പുക്കുട്ടൻ പിള്ള. മക്കൾ: തങ്കമണി, തുളസീധരൻ നായർ, വത്സലയമ്മ, രമദേവി, രാധാകൃഷ്ണൻ നായർ. മരുമക്കൾ: ശ്യാമളാ ദേവി, ശശിധരൻ നായർ, ശാലിനി, പരേതരായ രാധാകൃഷ്ണൻ നായർ, മണികണ്ഠൻ നായർ. സഞ്ചയനം ഞായർ രാവിലെ 8.30ന്.

എസ് വിജയൻ
മെഡിക്കൽ കോളേജ്

മടത്തുവിള ലെയിൻ എംആർഎ47 കുന്നത്തുവീട്ടിൽ എസ് വിജയൻ (66) അന്തരിച്ചു. സഹോദരങ്ങൾ: വിക്രമൻ, വിശ്വനാഥൻ, വിന്ദു.

പി എം സുനിൽകുമാർ
കങ്ങഴ

മുണ്ടുമല പൊയ്കയിൽ പി എം സുനിൽ കുമാർ (40) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അനിത.

ഗംഗാധരൻ നായർ
പോത്തൻകോട്

വാവറകുന്നത്ത് മണികണ്ഠവിലാസത്തിൽ ഗംഗാധരൻ നായർ (80) അന്തരിച്ചു. ഭാര്യ: എസ് കൃഷ്ണമ്മ. മക്കൾ: പത്മകുമാരി, ശോഭകുമാരി, അനിതകുമാരി, അനിൽകുമാർ. മരുമക്കൾ: ആർ സഹദേവൻ നായർ, ജെ രാധാകൃഷ്ണൻ നായർ, ആർ കൃഷ്ണമുരാരി, എൽ പ്രശാന്തി. സഞ്ചയനം ഞായർ 8.30ന്.

എം കെ ശിവശങ്കരൻ നായർ
വട്ടിയൂർക്കാവ്

അറപ്പുരവീട്ടിൽ എം കെ ശിവശങ്കരൻ നായർ (81, റിട്ട. ടൗൺ പ്ലാനിങ് ഓഫീസ്) അന്തരിച്ചു. ഭാര്യ: പരേതയായ കെ വിജയമ്മ (റിട്ട. എജീസ് ഓഫീസ്). മക്കൾ: മനു പ്രതാപ് (അക്കൗണ്ടന്റ്, തിരുപുറം പഞ്ചായത്ത് ഓഫീസ്), ഡോ. വരുൺകുമാർ (വിതുര താലൂക്ക് ആശുപത്രി). മരുമകൾ: ഡോ. ഐ വി അനുപമ (വിതുര താലൂക്ക് ആശുപത്രി). സഞ്ചയനം ഞായർ 8.30ന്.

എം എസ് ഷിബു
മലയിൻകീഴ്

തച്ചോട്ടുകാവ് എംഎസ് നിവാസിൽ എം എസ് ഷിബു (42) അന്തരിച്ചു. അച്ഛൻ: പരേതനായ മോഹനൻ. അമ്മ: സുശീല. ഭാര്യ: പ്രജിത. മക്കൾ: എബി പോൾ, എബിൻപോൾ. പ്രാർഥന വെള്ളി ഏഴിന്.

ജെ രാധ
കിളിമാനൂർ

പാപ്പാല പ്ലാവിള വീട്ടിൽ ജെ രാധ (75) അന്തരിച്ചു. സംസ്കാരം ഒമ്പതിന് രാവിലെ എട്ടിന്. ഭർത്താവ്: പരേതനായ വാസുദേവൻ. മക്കൾ: വനജ (അധ്യാപിക, എസ്എൻവിയുപിഎസ് പൊരുന്തമൺ), ജലജ, അനിത (അങ്കണവാടി ടീച്ചർ പാപ്പാല), അനിൽകുമാർ. മരുമക്കൾ: പരേതരായ വിജയസേനൻ, സുദർശനൻ, അശോക കുമാർ, നിഷ.

ലളിതമ്മ
കരകുളം

അമ്മൻ നഗർ കോട്ടമൂല വീട്ടിൽ ലളിതമ്മ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ നാരായണൻ നായർ. മക്കൾ: മോഹനചന്ദ്രൻ, വിജയകുമാരൻ നായർ, പ്രസന്നകുമാരി, ഇന്ദിരാദേവി, മണികണ്ഠൻ നായർ, ലക്ഷ്മി. മരുമക്കൾ: ശാന്തിനി, അനിത, ശ്രീകുമാരൻ നായർ, ഹരികുമാരൻ നായർ, സുമ, സുബാഷ്. സഞ്ചയനം വ്യാഴം രാവിലെ 8.30 ന്.

റുഫീന ഫിലേന്ദ്രൻ
കൊച്ചുതോപ്പ്

ശ്രീ ചിത്തിരനഗർ റുഫീന ഹൗസിൽ റുഫീന ഫിലേന്ദ്രൻ (83) അന്തരിച്ചു. മക്കൾ: ബ്ലാഞ്ച്, മൈക്കിൾ, മേരി, ശാന്ത, ആൽബി, അലോഷ്യസ്, റാണി. മരുമക്കൾ: ലീൻ, മറിയാമ്മ, തങ്കച്ചൻ, ഡാർവിൻ, ലീമ, ഷിബി, ക്ലെമന്റ്.

ശാരദ
പോത്തൻകോട്

വാവറ അമ്പലം രജനീ ഭവനിൽ ശാരദ (99) അന്തരിച്ചു. മക്കൾ: രത്നമ്മ, വിജയന്തി, അംബിക, പരേതനായ വിജയൻ. മരുമക്കൾ: ശോഭ, ബാബു, ഗോപാലകൃഷ്ണൻ, പരേതനായ ശശി. സഞ്ചയനം വ്യാഴം 8.30 ന്.

ടി സരസ്വതി
തിരുവനന്തപുരം

ആനയറ വിആർഎ 146 തോപ്പിൽവീട്ടിൽ ടി സരസ്വതി (76) അന്തരിച്ചു. ഭർത്താവ്: പരേതനായ തങ്കപ്പനാശാരി. മക്കൾ: സജീവ്, ഷാജി. മരുമക്കൾ: ശാലിനി, ഗീതാദേവി. സഞ്ചയനം ഞായർ എട്ടിന്.

കെ രവീന്ദ്രൻ ആശാരി
പള്ളിച്ചൽ

പുന്നമൂട് അമ്പാടിയിൽ കെ രവീന്ദ്രൻ ആശാരി (76, റിട്ട. കെഎസ്ആർടിസി) അന്തരിച്ചു. മക്കൾ: ദീപ, ഷീബ. മരുമക്കൾ: ബാബുകുമാർ, സുരേഷ്കുമാർ.

വിക്ടോറിയ
ചേരപ്പള്ളി

തോളൂർ വടക്കുംകരവീട്ടിൽ വിക്ടോറിയ (72) അന്തരിച്ചു. ഭർത്താവ്: പി ഗിൽബർട്ട്. മക്കൾ: ജോയി, ജോസ്, അൽഫോൺസ. മരുമക്കൾ: ലതിക, ബിന്ദു, പരേതനായ മണിയൻ. പ്രാർഥന വെള്ളി ഒമ്പതിന്.

പത്മനാഭനാചാരി
വിഴിഞ്ഞം

പെരിങ്ങമ്മല പണ്ടാരവിളാകംവീട്ടിൽ പത്മനാഭനാചാരി (67) അന്തരിച്ചു. ഭാര്യ: എൻ രാധ. മക്കൾ: രജിതകുമാരി, ഉണ്ണികൃഷ്ണൻ, ലക്ഷ്മി. മരുമക്കൾ: ഗിരീഷ്കുമാർ, എം അജി. സഞ്ചയനം വ്യാഴം ഒമ്പതിന്.

എസ് ഗോപി
പറണ്ടോട്

മേത്തോട്ടം വിവേക്ഭവനിൽ എസ് ഗോപി (62, റിട്ട. സിആർപിഎഫ് ഓഫീസർ) അന്തരിച്ചു. ഭാര്യ: ഉഷ. മക്കൾ: വിവേക്, നന്ദു. സഞ്ചയനം ഞായർ ഒമ്പതിന്.

കെ ആർ രാമചന്ദ്രൻനായർ
പേയാട്

വിട്ടിയം അവിട്ടത്തിൽ കെ ആർ രാമചന്ദ്രൻനായർ (74, റിട്ട. കനറാ ബാങ്ക്) അന്തരിച്ചു. ഭാര്യ: കെ ശാന്തകുമാരിയമ്മ. മക്കൾ: പ്രശാന്ത് ചന്ദ്രൻ, പ്രശോഭ് ചന്ദ്രൻ, പ്രമോദ് ചന്ദ്രൻ. മരുമക്കൾ: മീര പി നായർ, സൂര്യ മോഹൻ, കെ രാജേശ്വരി. സഞ്ചയനം ഞായർ 8.30ന്.

വി എസ് സതീഷ്
പൂജപ്പുര

നേതാജി റോഡുപുര 11ൽ ഭഗവതിവിലാസംവീട്ടിൽ വി എസ് സതീഷ് (55) അന്തരിച്ചു. അമ്മ: ബി വിജയലക്ഷ്മി (റിട്ട. അധ്യാപിക, എംഎച്ച്എസ്, തിരുമല). സഹോദരി: മഞ്ജു എസ് നായർ (അധ്യാപിക, കേന്ദ്രീയ വിദ്യാലയം, പാങ്ങോട്). സഞ്ചയനം വെള്ളി എട്ടിന്.

കെ സരിത
ശ്രീകാര്യം

എൻജിനിയറിങ് കോളേജ് പരുത്തിക്കുന്ന് പിആർഎ 336ൽ കെ സരിത(48) അന്തരിച്ചു. ഭർത്താവ്: പി ദിലീപ്. മക്കൾ: ദേവു ദിലീപ്, അഞ്ജു ദിലീപ്. സഞ്ചയനം ഞായർ രാവിലെ 8.30 ന്.

ഡോ. പി സനൽകുമാർ
തിരുവനന്തപുരം

പേട്ട പദ്മവിലാസം ബംഗ്ലാവിൽ കവറടി സിഒപി മാൻഷനിൽ ടിസി 30/1052 2 ഡോ. പി സനൽകുമാർ (78) അന്തരിച്ചു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, കോഴിക്കോട് പിവിഎസ് ആശുപത്രി, പരിയാരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം കോസ്മോ പൊളിറ്റൻ ആശുപത്രി എന്നിവിടങ്ങളിൽ ന്യൂറോ സർജനായിരുന്നു. ആൻ അറ്റ്ലസ് ഓഫ് ക്രേനിയോ സെറിബ്രൽ ട്രോമ, ശിരക്ഷതങ്ങൾ എന്നീ ഗ്രന്ഥങ്ങൾ രചിച്ചു. ഭാര്യ: കെ ജഗദമ്മ. മക്കൾ: ദേവിക എസ് കുമാർ, ഡോ. ധന്യ എസ് കുമാർ. മരുമക്കൾ: എസ് പ്രിതീഷ്, ഡോ. എം യു അർജുൻ.a

ഗീതകുമാരി
നേമം

ടിപിആർഎഎ13എ ഗീതാനിവാസിൽ ഗീതകുമാരി (63) അന്തരിച്ചു. പരേതരായ സദാശിവൻനായർ– ഗീതാമണിയമ്മ ദമ്പതിമാരുടെ മകളാണ്. സഞ്ചയനം വെള്ളി എട്ടിന്.

പത്മാക്ഷിയമ്മ
പോത്തൻകോട്

തിരുവെള്ളൂർ കൈലാസ് നഗർ ചന്ദ്രവിലാസത്തിൽ പത്മാക്ഷിയമ്മ (86) അന്തരിച്ചു. ഭർത്താവ്: പരേതനായ ഓട്ടൻതുള്ളൽ കലാകാരൻ ശിവശങ്കരപ്പിള്ള. മക്കൾ: ബാലചന്ദ്രൻ, ബാലചന്ദ്രിക, ഭുവനേന്ദ്രൻ, ശോഭനകുമാരി. മരുമക്കൾ: ലളിതാംബിക, രാധാകൃഷ്ണൻ നായർ, ഷീല, പരേതനായ ശിവശങ്കരൻ നായർ. സഞ്ചയനം ഞായർ 8.30ന്.

ഉമൈഫാൻബീവി
കോവളം

പാച്ചല്ലൂർ വില്യൻചിറ വീട്ടിൽ ഉമൈഫാൻബീവി (71) അന്തരിച്ചു. ഭർത്താവ്: സുലൈമാൻ. മക്കൾ: ഷാഹിദ, ശുക്കൂർ, റജീന, അമീർ. മരുമക്കൾ: സെയ്യദ്ക്കോയ, സബീന, ഫിറോസ് ഖാൻ, ഷെമീന.

കെ സുരേന്ദ്രൻ
കോവളം

ആഴാകുളം പെരുമരം സ്വപ്നത്തിൽ കെ സുരേന്ദ്രൻ (69, റിട്ട. സെക്രട്ടറിയറ്റ്) അന്തരിച്ചു. ഭാര്യ: ലീല. മക്കൾ: സുനിത, സുനിൽകുമാർ (എൻസിസി ഡിപ്പാർട്ട്മെന്റ്). മരുമക്കൾ: വി എസ് സജീവ് (ഷാജി, കെഎസ്ആർടിസി സെൻട്രൽ ഡിപ്പോ), എസ് വീണ. സഞ്ചയനം ഞായർ എട്ടിന്.

ഷീല
കരമന

മേലാറന്നൂർ ടിസി 20/120ൽ ഷീല (60) അന്തരിച്ചു. ഭർത്താവ്: എസ് രാംദാസ് (ഗണേഷ് ട്രേഡേഴ്സ്). മകൾ: ലക്ഷ്മി. മരുമകൻ: അനീഷ്. സഞ്ചയനം ഞായർ ഒമ്പതിന്.

ചാക്കോ ചെറിയാൻ
കുറിച്ചി

കളക്കാട്ടായ നെടുംപെട്ടിയിൽ ചാക്കോ ചെറിയാൻ (തങ്കച്ചൻ,83) അന്തരിച്ചു. ഭാര്യ: മോളി ചെറിയാൻ. മക്കൾ: അനിൽ ജേക്കബ് (റേഷൻ), നിഷിൽ ജേക്കബ് (ബഹറിൻ), ജിതിൻ ജേക്കബ് (മുംബൈ). മരുമക്കൾ: ബിജു കെ മാത്യു, മനു കുരീക്കൽ, സജിനി അനിൽ.

സന്ദീപ്‌ലാൽ
പ്രാവച്ചമ്പലം

അരിക്കടമുക്ക് വെള്ളംകെട്ടുവിള ലാൽഭവനിൽ സന്ദീപ്‌ലാൽ (27) അന്തരിച്ചു. അച്ഛൻ: ഉദയലാൽ. അമ്മ: തുളസി. ഭാര്യ: ആതിര. മകൾ: ഹൃദിക. സഞ്ചയനം വെള്ളി എട്ടിന്

സുലോചന
വട്ടിയൂർക്കാവ്

പാണാങ്കര ആലുവിളവീട്ടിൽ സുലോചന (63) അന്തരിച്ചു. ഭർത്താവ്: പരേതനായ ഗോപി. മക്കൾ: ശ്രീജയ, സതീഷ്കുമാർ, ഷീജ. മരുമക്കൾ: പ്രിജി, അശ്വതി, അനീഷ്. പ്രാർഥന ബുധൻ രാവിലെ 6.30ന് ക്രിസ്തുരാജ ദേവാലയത്തിൽ.

എ സാബു
വെള്ളൈക്കടവ്

തേരിവിള വീട്ടിൽ എ സാബു (39, ഉണ്ണി) അന്തരിച്ചു. അച്ഛൻ: പരേതനായ ആർ അംബുജാക്ഷൻ. അമ്മ: സത്യഭാമ. സഞ്ചയനം വെള്ളി 8.30ന്.

എൻ ദേവകി
കോവളം

പാച്ചല്ലൂർ ഇരപ്പൻവിളാകം ദേവകി മന്ദിരത്തിൽ എൻ ദേവകി (91) അന്തരിച്ചു. ഭർത്താവ്: പരേതനായ കാമപാലൻ. മക്കൾ: ലൈല, ഗീത, ജയകുമാർ. മരുമക്കൾ: പരേതരായ കെ പ്രഭാകരൻ, ടി ജയകുമാർ, ആർ ശാന്തകുമാരി. സഞ്ചയനം വെള്ളി 8.30ന്.

ജി പുരുഷോത്തമൻ
ശ്രീകാര്യം

ചെമ്പഴന്തി അണിയൂർ കിഴക്കേ പുലിയൂർവീട്ടിൽ ജി പുരുഷോത്തമൻ (76) അന്തരിച്ചു. ഭാര്യ: പങ്കജവല്ലി അമ്മ. മക്കൾ: ബൈജു, ഷൈജു. മരുമകൾ: റോഷ്നി.

വിദ്യാധരൻ
കുളത്തൂർ

പുല്ലുകാട് കുന്നുംപുറത്തു വീട്ടിൽ വിദ്യാധരൻ (74) അന്തരിച്ചു. ഭാര്യ: ലളിത. മക്കൾ: സജീവ് കുമാർ, സന്ധ്യ. മരുമക്കൾ: അമ്പിളി, പ്രസാദ്. സഞ്ചയനം ശനി 8.30ന്.

മേള കലാകാരൻ ഗോപിമാരാർ അന്തരിച്ചു

കൊച്ചി

മേള കലാകാരൻ എളമക്കര പുതുക്കലവട്ടം പള്ളിപ്പാട്ട് ഗോപിമാരാർ (52) അന്തരിച്ചു. സംസ്കാരം പിന്നീട്. എറണാകുളം മേഖലയിലെ പ്രധാന ക്ഷേത്രങ്ങളിൽ മേളപ്രമാണിയായിരുന്നു. തിങ്കൾ വൈകിട്ട് പുതുക്കലവട്ടം മഹാദേവക്ഷേത്രത്തിലെ വിശ്രമമുറിയിൽ കുഴഞ്ഞുവീഴുകയായിരുന്നു. ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. പുതുക്കലവട്ടം മഹാദേവക്ഷേത്രത്തിൽ പതിറ്റാണ്ടുകളായി ചെണ്ടമേളം പഠിപ്പിക്കുന്നുണ്ട്. നിരവധി ശിഷ്യരുണ്ട്.

ക്ഷേത്ര വാദ്യകലാ അക്കാദമിയുടെ ആദരവും 2017ലെ കടുങ്ങല്ലൂരപ്പൻ പുരസ്കാരവും ലഭിച്ചു. ഭാര്യ: രേഖ. മക്കൾ: തുളസീനാഥ്, ഗ്രീഷ്മ.

കാർ ലോറിയിലിടിച്ച് 2 പേർ മരിച്ചു

കുമളി

കാർ ചരക്കുലോറിയിൽ ഇടിച്ച് ഇടുക്കി സർവേയർ ഓഫീസിലെ ഹെഡ് സർവേയർ ഉൾപ്പെടെ രണ്ടുപേർ മരിച്ചു. ഹെഡ്സർവേയർ പീരുമേട് ശ്രീനിലയം ശ്രീകുമാർ(48), കാർ ഡ്രൈവർ പീരുമേട് ചരിവ്പുരയിടം പി പി പ്രശാന്ത്(44) എന്നിവരാണ് മരിച്ചത്. ഇരുവരുടെയും മൃതദേഹങ്ങൾ സംസ്കരിച്ചു.

കൊട്ടാരക്കര– ദിണ്ടിഗൽ ദേശീയപാതയിൽ ഞായർ രാത്രി പത്തോടെയാണ് അപകടം. പഴയപാമ്പനാർ പമ്പിലേക്ക് പെട്രോൾ അടിക്കാൻ പോകവേ ഇവർ സഞ്ചരിച്ച കാർ പീരുമേട് പാമ്പനാർ കല്ലാർകവലക്ക് സമീപം തമിഴ്നാട്ടിൽനിന്ന് കോട്ടയത്തേക്കുപോയ ചരക്കുലോറിയിൽ ഇടിക്കുകയായിരുന്നു. നാട്ടുകാരും ഇതുവഴി കടന്നുപോയ വാഹനത്തിലെ ആളുകളും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി. പീരുമേട് പൊലീസും സ്ഥലത്തെത്തി. ഗുരുതര പരിക്കേറ്റ ഇരുവരെയും പീരുമേട് താലൂക്കാശുപത്രിയിൽ എത്തിച്ചെങ്കിലും പ്രശാന്ത് വഴിമധ്യെയും ശ്രീകുമാർ ആശുപത്രിയിലും മരിച്ചു.

ശ്രീകുമാറിന്റെ ഭാര്യ സിമിലി പീരുമേട് താലൂക്കോഫീസിലെ ക്ലാർക്കാണ്. മകൾ: പാർവതി കുട്ടിക്കാനം മരിയൻ കോളേജ് വിദ്യാർഥിനി. പീരുമേട് ട്രൈബ്യൂണൽ ജഡ്ജി കെ എസ് അനിൽകുമാറിന്റെ ഡ്രൈവറായി മൂന്നുവർഷമായി ജോലി ചെയ്യുകയാണ് പ്രശാന്ത്. ഭാര്യ: സ്മിത(റെജിമോൾ). മക്കൾ: പ്രശോഭ്, പ്രണവ്.

വ്യോമസേനാ വിമാനം തകർന്നുവീണ് 3 ഗ്രാമീണർ മരിച്ചു

ജയ്പുർ

രാജസ്ഥാനിൽ വ്യോമസേനയുടെ മിഗ് 21 വിമാനം വീടിനുമുകളിൽ തകർന്നുവീണ് മൂന്നുപേർ മരിച്ചു. ഹനുമാൻഗഢ് ജില്ലയിലെ ബഹ്ലോൽ നഗറിലെ വീടിനുമുകളിലാണ് വിമാനം തകർന്നുവീണത്. പൈലറ്റ് ചെറിയ പരിക്കുകളോടെ രക്ഷപ്പെട്ടു. സൂറത്ത്ഗഢിലെ വ്യോമസേന താവളത്തിൽനിന്ന് പതിവ് പ്രവർത്തന പരിശീലനത്തിനായി പുറപ്പെട്ടതായിരുന്നു വിമാനം. അപകട കാരണത്തെക്കുറിച്ച് വിശദമായി അന്വേഷിക്കുമെന്ന് വ്യോമസേന അധികൃതർ അറിയിച്ചു.

2022 ജൂലൈയിൽ മിഗ് 21 ട്രെയിനർ രാജസ്ഥാനിൽ തകർന്നുവീണ് വിമാനത്തിലുണ്ടായിരുന്ന രണ്ട് പൈലറ്റുമാരും മരിച്ചിരുന്നു. കഴിഞ്ഞദിവസം ജമ്മു കശ്മീരിൽ വ്യോമസേനയുടെ ധ്രുവ് ഹെലികോപ്ടർ തകർന്നുവീണ് ഒരു പൈലറ്റ് മരിക്കുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

വിനോദസഞ്ചാരി കുഴഞ്ഞുവീണ് മരിച്ചു

സനോജ്

അടിമാലി

വിനോദ സഞ്ചാരത്തിനുശേഷം മൂന്നാറിൽനിന്ന് മടങ്ങുകയായിരുന്ന കാക്കനാട് ഇൻഫോർക്ക് ജീവനക്കാരുടെ സംഘത്തിലെ യുവാവ് കുഴഞ്ഞുവീണ് മരിച്ചു. പെരുമ്പാവൂർ വെങ്ങോല അറക്കപടി ആലുങ്കൽ സനോജ്(37) ആണ് മരിച്ചത്.

സനോജ് ഉൾപ്പെടുന്ന 40 അംഗ സംഘമാണ് മൂന്നാറിൽ വിനോദ സഞ്ചാരത്തിന് എത്തിയത്. അടിമാലിയിൽനിന്ന് ഭക്ഷണം കഴിച്ചശേഷം വാഹനത്തിൽ കയറുമ്പോൾ കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ തന്നെ അടിമാലി താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു.

മൃതദേഹം ഇടുക്കി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിനുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ഹൃദയാഘാതമാണ് മരണകാരണമെന്ന് പൊലീസ് പറഞ്ഞു. സംസ്കാരം ചൊവ്വ പകൽ 10.30ന് പെരുമ്പാവൂർ നെടുങ്ങാപ്ര സെന്റ് ജോർജ് പള്ളിയിൽ. ഭാര്യ: സബിത. മക്കൾ: ഫെനിൽ, ഫെൽന, സ്റ്റെഫിൻ.

സാരി കഴുത്തിൽ കുടുങ്ങി എട്ടുവയസ്സുകാരൻ മരിച്ചു

കമ്പല്ലൂർ

ഊഞ്ഞാലാട്ടത്തിനിടെ സാരി കഴുത്തിൽ കുടുങ്ങി എട്ടുവയസ്സുകാരൻ മരിച്ചു. കമ്പല്ലൂരിലെ താമരശേരി സുധീഷിന്റെയും സുനിതയുടെയും മകൻ സാരംഗ് ആണ് മരിച്ചത്. കമ്പല്ലൂർ ഗവ. ഹയർസെക്കൻഡറി സ്കൂൾ നാലാം ക്ലാസ് വിദ്യാർഥിയാണ്. വീടിനടുത്തുള്ള റബർത്തോട്ടത്തിൽ സാരി ഉപയോഗിച്ച് കെട്ടിയ ഊഞ്ഞാലിൽ കളിച്ചുകൊണ്ടിരിക്കെ തിങ്കൾ പകൽ ഒന്നരയോടെയാണ് അപകടം. പാടിയോട്ടുചാലിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനുശേഷം ചൊവ്വ പകൽ ഒന്നിന് വീട്ടുവളപ്പിൽ സംസ്കരിക്കും. സഹോദരി: ശ്വേത.

ബിഷപ്പ് കെ ജെ സാമുവലിന്റെ സംസ്കാരം ഇന്ന്

മേലുകാവ്

സിഎസ്ഐ സഭ മുൻ മോഡറേറ്റർ ബിഷപ്പ് കെ ജെ സാമുവലിന് നാടിന്റെ അന്ത്യാഞ്ജലി. സംസ്കാരം ചൊവ്വാഴ്ച പകൽ 3.30ന് മേലുകാവ് കത്തീഡ്രലിൽ. തിങ്കളാഴ്ച കോട്ടയത്ത് സ്വകാര്യ ആശുപത്രിയിൽനിന്ന് മൃതദേഹം നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ 4.30ന് മേലുകാവ് മറ്റത്തുള്ള കുന്നുംപുറത്ത് വീട്ടിൽ എത്തിച്ചു. ചൊവ്വാഴ്ച രാവിലെ 8ന് ഭവനത്തിലെ ശുശ്രൂഷക്കുശേഷം 8.30 മുതൽ 10.30വരെ മേലുകാവ് മറ്റം എച്ച്ആർഡിറ്റി സെന്ററിൽ പൊതുദർശനത്തിനുവയ്ക്കും. തുടർന്ന് 10.30ന് കത്തീഡ്രൽ പള്ളിയിലേക്ക് വിലാപയാത്രയായി എത്തും. മൂന്നിന് സംസ്കാര ശുശ്രൂഷ ആരംഭിക്കും.

മന്ത്രി വി എൻ വാസവൻ, സിപിഐ എം കോട്ടയം ജില്ലാ സെക്രട്ടറി എ വി റസൽ, ജോസ് കെ മാണി എംപി, ഡീൻ കുര്യാക്കോസ് എംപി, മുൻ എംപി ജോയിസ് ജോർജ്, മുൻ എംഎൽഎ പി സി ജോർജ്, ഇടുക്കി കലക്ടർ ഷീബാ ജോർജ് എന്നിവർ വീട്ടിലെത്തി അന്തിമോപചാരം അർപ്പിച്ചു.

പാവങ്ങൾക്കായി നിലകൊണ്ട ഇടയൻ: മന്ത്രി വി എൻ വാസവൻ

കോട്ടയം

സിഎസ്ഐ സഭയുടെ മുൻ മോഡറേറ്റർ ബിഷപ്പ് റവ. ഡോ. കെ ജെ സാമുവലിന്റെ വിയോഗത്തിൽ മന്ത്രി വി എൻ വാസവൻ അനുശോചിച്ചു. പാവപ്പെട്ടവന്റെ ബിഷപ്പ് എന്നറിയാൻ ആഗ്രഹിച്ച അദ്ദേഹം മേലുകാവിന്റെയും സമീപപ്രദേശങ്ങളുടെയും സമഗ്ര വികസനത്തിന് നേതൃത്വം നൽകിയെന്ന് മന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു. മലനാട്ടിലെ റോഡ് വികസനത്തിനും വൈദ്യുതീകരണത്തിനും അദ്ദേഹം മുന്നിൽനിന്ന് പ്രവർത്തിച്ചു. പാവപ്പെട്ടവർക്കായി ‘ചോരാത്ത കൂര’ പോലുള്ള ഭവന പദ്ധതികൾ നടപ്പിലാക്കി. അറുപതാം വയസ്സിൽ 60 വീടുകൾ നിർമിച്ചു നൽകി മാതൃകയായി. അഞ്ച് ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന പണ്ഡിതനും ജനഹൃദയങ്ങളെ ആകർഷിച്ച പ്രഭാഷകനുമായിരുന്ന റവ. ഡോ. കെ ജെ സാമുവലിന്റെ വേർപാട് വിശ്വാസി സമൂഹത്തിനും മലയോര ജനതയ്ക്കും വലിയ നഷ്ടമാണെന്നും മന്ത്രി പറഞ്ഞു.